P.R. No.161/2026 Thrissur, 18/08/2026

# പത്രക്കുറിപ്പ്

## കേരളത്തിന്റെ ആരോഗ്യ സംവിധാനത്തിൽ വ്യായാമാധിഷ്ഠിത ചികിത്സ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ശില്പശാല നടത്തി

ശാരീരിക ആരോഗ്യം സംരക്ഷിക്കുന്നതിനൊപ്പം മാനസികാരോഗ്യ പ്രശ്നങ്ങൾ, ജീവിതശൈലീരോഗങ്ങൾ, പുനരധിവാസം തുടങ്ങിയ മേഖലകളിലും വ്യായാമത്തിന് നിർണായക പങ്കുണ്ടെന്ന് വിദഗ്ധർ. 'വ്യായാമം ഔഷധമാണ്' എന്ന ആശയത്തെ മുൻനിർത്തി കേരള ആരോഗ്യശാസ്ത്ര സർവകലാശാല (കെ.യു.എച്ച്.എസ്.) സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഏകദിന ശിൽപ്പശാലയിലാണ് ഇക്കാര്യം ചർച്ചയായത്. കേരളത്തിന്റെ ആരോഗ്യ സംവിധാനത്തിൽ ശാരീരിക പ്രവർത്തനങ്ങളെ പതിവ് പ്രതിരോധ, ചികിത്സാ, പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിനുള്ള മാർഗങ്ങളും ശിൽപ്പശാലയിൽ ചർച്ച ചെയ്തു.

കെ.യു.എച്ച്.എസ്. വൈസ് ചാൻസലർ പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. സിഡ്നിയിലെ ന്യൂ സൗത്ത് വെയിൽസ് സർവകലാശാലയിലെ പ്രൊഫസറും വ്യായാമവും മാനസികാരോഗ്യവും സംബന്ധിച്ച് അന്താരാഷ്ട്രതലത്തിൽ ഗവേഷണം നടത്തുന്ന വിദഗ്ധനുമായ പ്രൊഫ. (ഡോ.) സൈമൺ റോസൻബാം 'വ്യായാമം ഒരു ഔഷധമായി ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ശാരീരിക പ്രവർത്തനങ്ങളെ ആരോഗ്യപരിചരണവുമായി സംയോജിപ്പിക്കൽ' എന്ന വിഷയത്തിൽ സെഷന് നേതൃത്വം നൽകി.

കേരളം ഉൾപ്പെടെ വിവിധ ആരോഗ്യ സംവിധാനങ്ങളിൽ വ്യായാമത്തെ ചികിത്സയുടെയും രോഗപ്രതിരോധത്തിന്റെയും ഭാഗമായി ഉൾപ്പെടുത്തുന്നതിന്റെ ആവശ്യകതയും അന്താരാഷ്ട്ര ഗവേഷണാനുഭവങ്ങളും പ്രൊഫ. റോസൻബാം അവതരിപ്പിച്ചു. മാനസികാരോഗ്യം, വിട്ടുമാറാത്ത രോഗങ്ങളുടെ നിയന്ത്രണം, പുനരധിവാസം എന്നിവയുൾപ്പെടെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ ശാരീരിക പ്രവർത്തനങ്ങൾ ആരോഗ്യപരിചരണത്തിന്റെ ഭാഗമാക്കുന്നതിനെക്കുറിച്ചും ചർച്ച നടന്നു.

കെ.യു.എച്ച്.എസ്. പ്രൊ വൈസ് ചാൻസലർ പ്രൊഫ. ഡോ. സി.പി. വിജയൻ അധ്യക്ഷത വഹിച്ചു. സുപ്രസിദ്ധ വൈദ്യശാസ്ത്ര ജേണലായ ലാൻഡ്സെറ്റ് സൗത്ത് ഈസ്റ്റ് ഏഷ്യൻ റീജിയൻ എഡിറ്റർ ഇൻ ചീഫ് ശ്രീമതി ശാലിനി ഗാർഗ് മുഖ്യപ്രഭാഷണം നടത്തി. ആരോഗ്യ ശാസ്ത്ര സർവകലാശാല രജിസ്ട്രാർ പ്രൊഫ. ഡോ. ഗോപകുമാർ എസ്.,

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. രഞ്ജു രവീന്ദ്രൻ മറ്റ വിദഗ്ധർ എന്നിവർ സംസാരിച്ചു.

കെ.യു.എച്ച്.എസ്., നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ് ), ജില്ലാ മാനസികാരോഗ്യ പരിപാടി, ലക്ഷ്മിബായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ, ആരോഗ്യവകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രതിനിധികൾ ശിൽപ്പശാലയിൽ പങ്കെടുത്തു. ആരോഗ്യ, മാനസികാരോഗ്യം, പുനരധിവാസം, സ്പോർട്സ് മെഡിസിൻ തുടങ്ങിയ മേഖലകളിലെ വിദഗ്ധരും അധ്യാപകരും ഗവേഷകരും ചർച്ചയിൽ പങ്കാളികളായി.

കേരളത്തിന്റെ ആരോഗ്യ സംവിധാനത്തിൽ  വ്യായാമം ഒരു ഔഷധം എന്ന ആശയം പ്രാവർത്തികമാക്കുന്നതിനുള്ള മാർഗരേഖ തയ്യാറാക്കുന്നതിനും വിവിധ മേഖലകളെ ഏകോപിപ്പിക്കുന്നതിനും ശിൽപ്പശാല വഴിയൊരുക്കി.

Sd/-
Registrar